(സി) പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തും ബാങ്കിന്റെ ഉത്തമ താൽപര്യം കണക്കിലെടുത്തും സംഘം ഭരണ സമിതിയുടെ അപേക്ഷ പ്രകാരം മേൽ നിബന്ധനകളിൽ നിന്നും വീണ്ടും ഇളവ് നൽകുന്നതിന് സർക്കാരിന്റെ 22-3-1989-ലെ ജി.ഒ.(എം.എസ്.) 16/89/സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ട്.

ടി 131-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിലെ തിരിമറി

145 [599] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി 131-ാം നമ്പർ തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്കിലെ കരമന എൻ.എസ്.എസ്. കരയോഗത്തിന്റെ എസ്.ബി. 10941-ാം നമ്പർ അക്കൗണ്ടിൽ തിരിമറി നടത്തിയതു ചൂണ്ടിക്കാട്ടി ആരെങ്കിലും സഹകരണ രജിസ്ട്രാർക്ക് പരാതി നൽകിയിരുന്നോ;

(ബി) എങ്കിൽ ആരാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) പരാതിയിന്മേൽ സഹകരണ രജിസ്ട്രാർ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) പരാതി നൽകിയിരുന്നു.

(ബി) ശ്രീ. എ. നാസർ (കൊല്ലംവിളാകത്തു വീട്, നേമം, തിരുവനന്തപുരം) ശ്രീ. കെ. അജയകുമാർ (വസന്തവിലാസം , കാവല്ലൂർ, തിരുവനന്തപുരം) എന്നിവരാണ് പരാതി നൽകിയിരുന്നത്.

(സി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ ഇക്കാര്യത്തിൽ ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പലിശയില്ലാ വായ്പ നൽകുന്ന സഹകരണ ബാങ്കുകൾ

146 [600] ശ്രീ. ടി. എൻ. പ്രതാപൻ:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:

,, കെ. അച്ചുതൻ:

,, തമ്പാനൂർ രവി:

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലിശയില്ലാ വായ്പ നൽകുന്ന സഹകരണ ബാങ്കുകൾ സംസ്ഥാനത്ത് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly